പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *62 — 10.02.2016 -ൽ മറുപടിക്ക്

## പട്ടികഗോത്ര വർഗ്ഗങ്ങൾക്കിടയിലെ ശിശുമരണ നിരക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു :<br>,, കെ. ദാസൻ :<br>,, ബി. ഡി. ദേവസ്സി :<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പട്ടികഗോത്ര വർഗ്ഗങ്ങൾക്കിടയിലെ ശിശുമരണ നിരക്ക് പൊതുനിരക്കിന്റെ മൂന്നര ഇരട്ടി ആയിരിക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (എ) പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലും, വയനാട് ജില്ലയിലും പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന ശിശുമരണ നിരക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റു ജില്ലകളിലെ ആദിവാസി മേഖലകളിൽ ഇത്തരത്തിലുള്ള ഒരു വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) അട്ടപ്പാടിയിലും വയനാട്ടിലും പട്ടികഗോത്ര വർഗ്ഗ ശിശുക്കൾ മരണപ്പെടുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; അതിന്റെ വിശദവിവരം അറിയിക്കാമോ ; | (ബി) അട്ടപ്പാടിയിൽ ഉയർന്ന ശിശുമരണ നിരക്ക് റിപ്പോർട്ട് ചെയ്ത 2013-ൽ പ്രധാനമായും ഗർഭിണികളുടെ പോഷണക്കുറവ്, നേരത്തെയുള്ള പ്രസവം, നവജാത ശിശുവിന്റെ തൂക്കക്കുറവ്, ജന്മനാലുള്ള ആന്തരായവയവങ്ങളുടെ തകരാറ്, അണുബാധ എന്നിവയാണ് ഈ ശിശുമരണങ്ങളുടെ പ്രധാന കാരണം. വയനാട് ജില്ലയിൽ ഈ കാരണങ്ങൾക്കൊപ്പം Breast Milk Aspiration (ശ്വാസകോശത്തിൽ മുലപ്പാൽ കയറി ഉണ്ടാകുന്ന അപകടം) -നും ഒരു ഘടകമാണെന്നും കണ്ടെത്തിയിട്ടുണ്ട്. 2013-ൽ അട്ടപ്പാടി മേഖലയിൽ കൂടുതലായി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ആരോഗ്യ വകുപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടിയുള്ള ഒട്ടനവധി നടപടികൾ എടുത്തിട്ടുണ്ട്. ഇതുവഴി ശിശുമരണങ്ങൾ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ 2013-ൽ 31 ശിശു മരണങ്ങളാണ് പട്ടികവർഗ്ഗങ്ങൾക്കിടയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. |

(....2)

പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയതിന്റെ ഫലമായി 2014-ൽ 15 മരണങ്ങളായും 2015-ൽ 14 മരണങ്ങളായും കുറവു വന്നിട്ടുണ്ട്. ഫീൽഡ് തല പ്രവർത്തനവും ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കാൻ ആശുപത്രികളുടെയും പി.എച്ച്.സി/സി.എച്ച്.സി-കളുടെയും പ്രവർത്തനം ഭൗതിക സാഹചര്യങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ കുഞ്ഞുങ്ങളുടെ പോഷണ നിരീക്ഷണത്തിനും ഗർഭിണികളുടെ നിരീക്ഷണത്തിനും ജനനി ജാതക് സോഫ്റ്റ്‌വെയർ സംവിധാനം യൂനിസെഫ് സഹായത്തോടെ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) മുൻ സർക്കാർ പട്ടികഗോത്ര വർഗ്ഗ മേഖലയിൽ നടപ്പാക്കിയ സഞ്ചരിക്കുന്ന ക്ലിനിക്കുകൾ നിർത്തലാക്കിയത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ ; ഫലപ്രദമായ രീതിയിൽ മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കാൻ തയ്യാറാകുമോ ;

(സി) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ കീഴിൽ മുൻ സർക്കാർ പട്ടിക ഗോത്ര മേഖലയിൽ നടപ്പാക്കിയ സഞ്ചരിക്കുന്ന ക്ലിനിക്കുകൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല. മാത്രമല്ല ഇപ്പോൾ ഉള്ളതിന് പുറമേ നാഷണൽ ഹെൽത്ത് മിഷൻ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്നീ സർക്കാർ ഏജൻസികൾ വഴി പുതിയ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമേ പട്ടികവർഗ്ഗക്ഷേമ വകുപ്പ് വഴിയും ചില ജില്ലകളിൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) അതാതു പ്രദേശത്തെ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടവരെ അധികമായി വിവിധോദ്ദേശ്യ സ്ത്രീ-പുരുഷ ആരോഗ്യ പ്രവർത്തകരായി പരിശീലനം നൽകി നിയമിച്ച് പ്രശ്നപരിഹാരത്തിന് നടപടിയെടുക്കാൻ തയ്യാറാകുമോ ?

(ഡി) ഈ മേഖലകളിൽ ഫീൽഡ്തല ആരോഗ്യ പ്രവർത്തകർക്ക് പുറമേ ആശാ വളണ്ടിയർമാർ, അംഗൻവാടി പ്രവർത്തകർ, ട്രൈബൽ പ്രൊമോട്ടേഴ്സ്, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർക്ക് പരിശീലനം നൽകി ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും ഇവരുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്. കൂടുതലായി വിവിധോദ്ദേശ സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകി പ്രവർത്തനങ്ങൾ ഇനിയും കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ